# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 413** 15-05-2017-ൽ മറുപടി നൽകേണ്ടത്

## <u>വിദ്യാർത്ഥികൾക്കിടയിൽ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പി. ടി. എ.റഹീം<br>ശ്രീ. വി. ജോയി<br>ശ്രീ. എം. മുകേഷ് | : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) വിദ്യാർത്ഥികളുടെ ഇടയിൽ മദ്യം, മയക്കമരുന്ന്, മറ്റു ലഹരി പദാർത്ഥ ങ്ങൾ എന്നിവയുടെ ഉപയോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് തടയുന്നതിനും മദ്യത്തിന്റെയും ലഹരിപദാർത്ഥങ്ങ ളുടെയും ദോഷഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരി ക്കുന്നതിനും എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ? | ബി) സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ജാഗ്രതാ സമിതി കളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂൾ |

| | |
|---|---|
| | വിദ്യാർത്ഥികൾ ലഹരിക്ക് അടിമകളാകുന്നത് തടയുന്നതിനായി പൊതുവിദ്യാഭ്യാസവകുപ്പ് വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. സ്കൂൾ പരിസരത്ത് 100-വാരക്കുള്ളിൽ ലഹരി വസ്തുകൾ വിൽക്കുന്നവർക്കെതിരെ കോപ്പ, കെ.പി ആക്ട്, എൻ.ഡി.പി.എസ് ആക്ട് 1985 എന്നിവ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് മദ്യം, മയക്കമരുന്ന് എന്നിവ കൈമാറുന്ന വർക്കെതിരെ ജെ.ജെ.ആക്ട്, കെ.പി ആക്ട് എന്നിവ പ്രകാരവും നിയമ നടപടികൾ സ്വീകരിക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കാൻ പാടില്ല എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. സ്കൂളും പരിസരവും ലഹരി വിമുക്തമാക്കുന്നതിന് പോലീസ്, എക്സൈസ്, പി.റ്റി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ സഹായത്തോടെ വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. സർക്കാർ നിർദ്ദേശ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ |

| | |
|---|---|
| | വകുപ്പിന് കീഴിലുള്ള എല്ലാസ്ഥാപനത്തിലും കേരള ലഹരി വർജ്ജനമിഷന്റെ തീരുമാന മനുസരിച്ച് 2017 ജനുവരി 30 നകം ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, ജനുവരി 30 ന് ലഹരിവിമുക്ത പ്രതിജ്ഞ യെടുക്കുന്നതിനും എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകി യിരുന്നു. അതനുസരിച്ച് ക്ലബ്ബുകൾ സ്ഥാപനങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. സ്കൂളുകളിലും കോളേജു കളിലും എൻ.സി.സി, എൻ.എസ് .എസ് തുടങ്ങിയ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ബോധ വൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരാറുണ്ട്. ആന്റിനാർകോട്ടിക്ക് സെൽ ഇതിനായി കോളേജുകളിൽ പ്രവർത്തി ക്കുന്നു.<br>ഹയർസെക്കന്ററി വകുപ്പിന്റെ കീഴിലെ സൗഹൃദ ക്ലബ്ബുകളുടെ 2016-17 അദ്ധ്യയന വർഷത്തെ പരിശീലനങ്ങളിൽ മയക്കു മരുന്നു ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി യിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസോസിയേഷനും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽ നിന്നും മയക്കുമരുന്നിൽ നിന്നും യുവാക്കളെ മോചിപ്പിക്കുന്നതിലേക്ക് |

"മുക്തി" എന്ന പേരിൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും ട്രെയിനിംങ്ങും നൽകുന്നുണ്ട്. 2010 സെപ്റ്റംബറിൽ കുട്ടികളിലെ കുറ്റവാസന യും, ലഹരി ഉപയോഗവും ഇല്ലാതാ ക്കുന്നതിലേക്ക് ഔവ്വർ റെസ്പോൺ സിബിലിറ്റി ടു ചിൽഡ്രൻ എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി പ്രവർത്തിച്ചു വരുന്നുണ്ട്.

ഓരോ സ്കൂളിലെയും രണ്ട് വിദ്യാർത്ഥികളെ വീതം പങ്കെടുപ്പിച്ചു കൊണ്ടുള്ള മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിൽ ലഹരി വസ്തുക്കളുടെ അപകട ങ്ങളെക്കുറിച്ച് ബോധവത്ക്കരണം നടത്തി യിരുന്നു. ഓരോ സ്കൂളിലെയും സൗഹൃദ കോഡിനേറ്റർമാരെ (അദ്ധ്യാപകർ) പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിലും നടത്തിയ Refresher Training Programme-ലെ മുഖ്യ ഇനം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽനിന്നും വിദ്യാർത്ഥികളെ എങ്ങനെ പിന്തിരിപ്പിക്കാം എന്നതായിരുന്നു. ഈ വിഷയത്തിൽ NIMHANS-ൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഇന്ത്യൻ ഡെന്റൽ അസോസിയേഷനിലെ ഡോക്ടർമാരും എക്സൈസ് വകുപ്പിൽ

| | |
|---|---|
| | നിന്നുള്ള അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെയുള്ളവരും ക്ലാസെടുത്തിരുന്നു. ലഹരി വിമുക്തം കേരളം എന്ന ലക്ഷ്യത്തോടെ കെയർ & ഷെയർ ഫൗണ്ടേഷൻ തയ്യാറാക്കിയ "വഴികാട്ടി" എന്ന ഹ്രസ്വചിത്രം 03.02.2017 ഉച്ച കഴിഞ്ഞ് 2.30 മുതൽ 3 മണി വരെ വിക്ടേഴ്സ് ചാനൽ, തിരുവനന്തപുരം ദൂരദർശൻ എന്നിവ സംപ്രേഷണം ചെയ്തിരുന്നു. ഇത് തൽസമയം കാണുവാൻ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും അവസരമൊരുക്കിയിരുന്നു.<br>സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കാൻ എല്ലാ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷം ജനുവരിയിൽ എല്ലാ ഹയർ സെക്കന്ററി സ്കൂളിലും വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിയിരുന്നു. |

സെക്ഷൻ ഓഫീസർ